# Sky gold    magazine



**LITTLE KITE UNIT      2019-20**

**GHSS KOTTAYAMMALABAR**

## ***മുഖക്കുറി***

*ക്ലാസിനകത്തും പുറത്തും പറന്നു കളിക്കുന്ന പൂമ്പാറ്റകുഞ്ഞുങ്ങൾ കണ്ടും കേട്ടും അറിഞ്ഞും അവർ തേടിയെടുത്തതും ശേഖരിച്ചതും സർഗ്ഗാത്മകതയുടെ മിന്നൊളി ചേർത്തതുമായ അൽപ്പം പൂന്തേനാണ് ഈ പുസതകത്തിന്റെ ഇതളുകളിലുള്ളത്. കോരിയെടുത്ത് കുടിക്കാ--നില്ലെങ്കിലും ഒന്ന് നുകർന്ന് നോക്കാനുള്ളത് ഇതിനകത്തുണ്ട് . നമുക്കിതിന്റെ ഇതളുകൾ മറി ക്കാം .*

*പറന്നുയരാൻ കഴിയുന്നവരെ അനുഗ്രഹിക്കാം. ഇനിയുമിനിയും ഉയരത്തിൽ അവർ **പറക്കാനായി......***



ഈ വിദ്യാലയത്തിലെ ലിറ്റിൽകൈറ്റ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസീനാണ് സൈസ്കഗോൾഡ്.കുട്ടികളുടെ സർഗവാസനകൾ പ്രകടിപ്പിക്കാനുള്ള അവസരമാണ് മാസികകളിലൂടെസാക്ഷാത്കരിക്കപ്പെടുന്നത്.ഇന്ന് സാങ്കേതികവിദ്യഎല്ലാമേഖലയിലുംവ്യാപിച്ചുകഴിഞ്ഞു.കൈയ്യെഴുത്ത് മാസികയിൽ നിന്ന് ഡിജിറ്റൽ മാസികയിലേക്ക് ചുവടുവച്ചു.പുതിയരീതിക്കനുസരിച്ച് മാഗസീൻ തയ്യാറാക്കാൻ കാണിച്ച കുട്ടികളുടെ പരിശ്രമത്തേയും അതിനു പിന്തുണ നൽകിയ അധ്യാപകരേയും അഭിനന്ദിക്കുന്നു

ഹെഡ്മിസ്ട്രസ്സ്

കോട്ടയം മലബാർ ഗവ.ഹയർസെക്കന്ററിസ്കൂൾ

ഉള്ളടക്കം പേജ്


1.സ്കൂളിന്റെ ചരിത്രം................ 5

2.ജിവിതം .....കവിത................ 7

3.അഭിമുഖം 8

4.നല്ല ബല്യ പ്ലാവ്........കഥ 11

5.ലിറ്റിൽ കൈറ്റ് യൂണിറ്റ് പ്രവർത്തനങ്ങൾ 12

6.കേൾക്കാതെ പോയ വിളി........കഥ 15

7.ചക്കയാണ് താരം........കഥ 17

8.ലഹരി എന്ന ആപത്ത്.....ലേഖനം 20

9.ജീവചരിത്രത്തിലൂടെ......പ്രേം ചന്ദ്... 21

10.വാത്സല്യം.....കഥ 22

11.കേരളീയ തനിമ......കവിത 24

12.കുഞ്ഞുണ്ണി മാഷുടെ കുഞ്ഞുപദേശങ്ങൾ 25

13.Beautiful Flower 26

14.കൃത്രിമ പാനീയങ്ങളിലൂടെ......ലേഖനം 27

15.മദ്യ കേരളം......ലേഖനം 28

16.കുന്നുകൾ ഇല്ലാതാകുന്ന.......ലേഖനം 29

17.ചിത്രം 30

18.പാചക ലോകം 31

19.മഹത് വചനം 32

20.യാത്രാനുഭവം 33

21.ക്വിസ് കോർണർ 35

22.കോട്ടയം ചിറ 36

23.പഴഞ്ചൊല്ലുകൾ 37

24.പെണ്ണിന്റെ ബുദ്ധി.......കഥ 38

25.വായനാനുഭവം 39

26.വായനാനുഭവം 41

27.മുക്കുവനും രാജകുമാരനും......കഥ 43

28.ബാറ്റും ബോളും......കഥ 46

# കോട്ടയം മലബാർ ഗവ.ഹയർസെക്കണ്ടറി സ്കൂളിനെക്കുറിച്ച്..........



ബ്രിട്ടീഷ് ഭരണകാലത്തെ മലബാറിലെ ഏററവും പ്രശസ്തമായ വാണിജ്യകേന്ദ്രമായിരുന്ന കോട്ടയത്തങ്ങാടിയുടെ ഹൃദയഭാഗത്താണ് കോട്ടയം മലബാർ ഗവ.ഹയർസെക്കണ്ടറി വിദ്യാലയം നിലകൊള്ളുന്നത്.കോട്ടയം പഞ്ചായത്തിൽ 1914 ല കോട്ടയം മാപ്പിള സ്കൂൾ എന്ന പേരിൽ 1 മുതൽ 5 വരെക്ലാസുകൾ മാത്രമുള്ള എൽ.പി സ്കൂൾ ആയി

നിലവിൽ വരികയും 1958 ൽ ഗവ. മാപ്പിള യു.പി സ്കൂൾ ആയും 1980 ൽ കോട്ടയം മലബാർ ഗവ.ഹയർസെക്കണ്ടറി സ്കൂൾ ആയും ഉയർത്തപ്പെടുകയുണ്ടായി.

2007 ൽ കോട്ടയം മലബാർ ഗവ.ഹയർസെക്കണ്ടറി സ്കൂൾ ആയിമാറിയ ഈ വിദ്യാലയത്തിൽ 1 മുതൽ 12 വരെ ക്ലാസുകളോടൊപ്പം പി.ടി.എ യുടെ ആഭിമുഖ്യത്തിൽ പ്രീപ്രൈമറി ക്ലാസുകളും ആരംഭിച്ചിട്ടുണ്ട്. 725 കുട്ടികളും 40 അധ്യാപകരുമാണ് ഈ വിദ്യാലയത്തിൽ ഇപ്പോൾ ഉള്ളത്. ഭൗതിക സൗകര്യങ്ങളുടെ

പരിമിതികളെ അതിജീവിച്ച് ഈ വിദ്യാലയം പഠനപാഠ്യേതരമേഖലകളില് മികവ്തെളിയിച്ച്ഇന്ന്ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായി മാറിയിരിക്കുകയാണ്.

2002-2003 വർഷത്തിൽ സംസ്ഥാന തലത്തിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ 14 ാം റാങ്ക് നേടിയ സഹല ഹാഷിം എന്ന മിടുക്കിയെ ഞങ്ങൾ അഭിമാനത്തോടെ സ്മരിക്കുകയാണ്.2010 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം എന്ന അപൂർവ്വ നേട്ടം വിദ്യാലയം ആദ്യമായി നേടുകയുണ്ടായി. തുടർന്നിങ്ങോട്ട് 6 തവണ 100% വിജയം നേടി.2019 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിലും തൊട്ടടുത്ത വിദലയങ്ങൾക്കെല്ലാം അപ്രാപ്യമായ നൂറുമേനി വിദ്യാലയം നേടുകയുണ്ടായി.

## ജീവിതം

പുഞ്ചിരിയിലെ  പൊട്ടിച്ചിരിയിലും
സന്തോഷമായെൻ ജീവിതം
വിതുമ്പലിൻ തുടക്കം കണ്ണീരിലാഴ് ത്തുന്ന
സങ്കടക്കടലുമായെൻ ജീവിതം
ചെറുഹങ്ക് വലുതായ് പറയുന്ന
അഹങ്കാരമാണെൻ ജീവിതം
ഇരച്ചുകയറി വാനോളമുയരുന്ന
കോപനികൃഷ്ടമെൻ ജീവിതം
കള്ളത്തെ തുപ്പി സത്യത്തിലായ് മടങ്ങുന്ന
സത്യസന്ധ്യമെൻ മാന്യ ജീവിതം
കള്ളക്കൂട്ടുമായി കൂടിസത്യത്തെ വെടിയുന്ന
അസത്യമെൻ വാന ജീവിതം
എണ്ണിയെണ്ണി പറയുമ്പോ-
വികാരത്തുമ്പിലെൻ ജീവിതം.

*സഹ്റ കെ പി*

******

**ഓട്ടൻ തുള്ളൽകലാകാരൻ ശ്രീ കലാമണ്ഡലം മഹേന്ദ്രനുമായി നടത്തിയ അഭിമുഖം**

നവംബർ 14ാം തീയതി *വിദ്യാലയ പ്രതിഭകളോടൊപ്പം* എന്ന പരിപാടിയുടെ ഭാഗമായി സ്കൂളിന്റെ തൊട്ടടുത്ത് താമസിക്കുന്ന, കുത്തുപറമ്പിന്റെ പ്രിയകലാകാരൻ ശ്രീ കലാമണ്ഡലം മഹേന്ദ്രന്റെ വീട്ടിലേക്ക് ഹെഡ്മിസ്ട്രസോടൊപ്പവും സ്മിതടീച്ചറോടൊപ്പവും ഞങ്ങൾ 14 വിദ്യാർത്ഥികൾ പോയി. കഥകളിയും ഓട്ടൻ തുള്ളലും പല വേദികളിലും അവതരിപ്പിച്ച അവാർഡുകളും കരസ്ഥമാക്കിയ പ്രതിഭാധനനായ കലാകാരന്റെ സാന്നിധ്യം ഏവർക്കും നവ്യാനുഭവമായി.




ചോദ്യം: **തുള്ളൽ കലാരംഗത്ത് വരാനിടയായ സാഹചര്യം?**

ഉത്തരം:പാരമ്പര്യമൊന്നും അവകാശപ്പെടനില്ല.കുട്ടിക്കാലത്ത് കഥകളിയും ഓട്ടൻ തുള്ളലും കണ്ടപ്പോഴുണ്ടായ ഒരഭിനിവേശമാണ് ഈ കലാരംഗത്ത് വരാനിടയാക്കിയത്.കുട്ടിക്കാലം ഞെപ്പോലെയുള്ള സാഹചര്യമായിരുന്നു.ഭയങ്കരമായ ഒരു സ്വാതന്ത്ര്യം അനുഭവിച്ച കാലമായിരുന്നു.

ചോദ്യം:**കലാരംഗത്തുണ്ടായ മറക്കാനാവാത്ത എന്തെങ്കിലും ഒരനുഭവം.**

**ഉത്തരം: കലാരംഗത്തുണ്ടായ ഒരുപാട് അനുഭവങ്ങൾ ഉണ്ട്.ഇപ്പോൾ ഓർമ്മവന്ന ഒരു കാര്യം പറയാം.വാനപ്രസ്ഥം എന്ന സിനിമയുമായി ബന്ധപെട്ട് കലാമണ്ഡലത്തിൽ മോഹൻലാൽ വന്നിരുന്നുഇപ്പോൾ എന്റെ മനസ്സിൽ ഓർമവരുന്നത്, മോഹൻലാലിന്റെ അടുത്തിരുന്ന് കഥകളി** കണ്ട അനുഭവമാണ്.വാനപ്രസ്ഥവുമായി ബന്ധപ്പെട്ട് കഥകളിയെക്കുറിച്ച് പഠിക്കാനാണ് മോഹൻലാൽ വന്നത്.മലയാളത്തിന്റെ അതുല്യ നടൻ മോഹൻലാലിന്റെ ഒപ്പമിരുന്ന് പഠിക്കാനായത് മഹാ സൗഭാഗ്യമാ യി കാണുന്നു.

**ചോദ്യം:കഥകളിയിൽ ഉപയോഗിക്കുന്ന ചമയങ്ങളെക്കുറിച്ച്?**

ഉത്തരം:പണ്ട് പ്രകൃതിദത്തമായ വസ്തുക്കളായിരുന്നു ചമയിക്കാനായിഉപയോഗിച്ചിരുന്നത്.ചായില്യം,മനയോല,അരിമാവ്,മഞ്ഞൾപ്പൊടി,ചുണ്ടപ്പൂവ് തുടങ്ങിയവ.മനയോല എടുത്ത് കാണിച്ച് കൊണ്ട് വിശദമാക്കി:വടക്കേന്ത്യയിൽ കാണുന്ന ഒരു തരം കല്ലാണ്,പൊടിച്ച് കലക്കിയാൽ മഞ്ഞ നിറമാണ്ഉണ്ടാവുക.ഇപ്പോൾ കൃത്രിമ രസക്കൂട്ടും ഉപയോഗിക്കുന്നുണ്ട്.



ചോദ്യം:കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികളല്ലാതെ വർത്തമാനകാലത്തെ സാമൂഹി ക പ്രശ്നങ്ങൾ തന്റെ തുള്ളലിലൂടെ അവതരിപ്പിക്കാറുണ്ടോ?

ഉത്തരം:ഉണ്ട്,ഇപ്പോൾ നിലവിൽ നേരിടുന്ന പ്രശ്നങ്ങളെ മനസ്സിലാക്കി ബോധവൽക്കരണത്തിനായി തുള്ളൽ കലാരൂപത്തെഅവതരിപ്പിക്കാറുണ്ട്.കോടിയേരി കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ കാൻസർ രോഗവുമായിബന്ധപ്പെട്ടബോധവൽക്കരണം തുള്ളലിലൂടെ അവതരിപ്പിച്ചിട്ടുണ്ട്.

ചോദ്യം:ഉപജീവനമായി കലയെക്കൊണ്ടുപോകാന്

സാധിക്കുന്നുണ്ടോ?

ഉത്തരം:ആദ്യമൊക്കെ പ്രയാസങ്ങൾ നേരിട്ടെങ്കിലും ഇപ്പോൾ കൂടുതൽ പരിപാടികൾ അവതരിപ്പിക്കാൻ കഴിയുന്നതിലൂടെ സാമ്പത്തീകമായി മെച്ചപ്പെട്ടിട്ടുണ്ട്.എന്നാൽ പുരസ്കാരങ്ങൾ ലഭിക്കു- മ്പോൾ നല്ല സ്റ്റേജുകൾ ലഭിക്കുമ്പോൾ ഉണ്ടാവുന്ന സന്തോഷവും അഭിമാനവും ഒരു കലാകാരനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഭാഗ്യമായി കരുതുന്നു.

## നല്ല ബല്യ പ്ലാവ്

യദുവിന്റെ വീടിന്റെ കിഴക്ക് ഭാഗത്ത് കാര്യ നല്ല ബല്യ പ്ലാവ് ഉണ്ടായിർന്നു.പണ്ട് ഓന്റെ മുത്തശ്ശി നട്ട ഒരു ഒന്നാതരം പ്ലാവ്.അതിൽ എല്ലാ കൊല്ലവും സപ്തംബറിൽ നല്ല ബല്യ ചക്ക ഉണ്ടാകുന്നുണ്ട്.പക്ഷെ രണ്ട് കൊല്ലമായിട്ട് ചക്ക അതിൽ അധികം ഉണ്ടാകുന്നില്ല.

യദുവിന് ഏറ്റവും ഇഷ്ടപ്പെട്ട മരമായിരുന്നു അത്.ചക്കഉണ്ടാകാത്ത ആ പ്ലാവ് മുറിക്കണം എന്ന് അവന്റെ അച്ഛൻ തീരുമാനം എടുത്ത കാര്യം അവനോട് പറഞ്ഞു അവന് ശരിക്കും വെഷമമായി രണ്ട് ദിവസം സ്കൂളിൽ വരെ യദു പോയില്ല.

പക്ഷേ,അവന്റെ അച്ഛൻ അത് മുറിക്കും എന്ന വാശിയിലായിരുന്നു.ആ സമയത്താണ് അവന്റെ നാടായ തള്ളോട് പുലി ഇറങ്ങുന്നത്.അവന്റെ നാട്ടിലെ രണ്ട് മുയൽ,നാല് ആട്,എട്ട് കോഴി എന്നിവയൊക്കെ പുലി കൊണ്ടോയി.അപ്പോഴാണ് പുലി അവന്റെ അച്ഛനെ പിടിച്ച് പരിക്കേൽപ്പിച്ചത്.കുറച്ച് ദിവസം കഴിഞ്ഞപ്പോ പുലി ഓന്റെ വീട്ടിലും വന്ന് പ്ലാവിന്റെ ചോട്ടിൽകിടക്കുകയായിരുന്നു.അപ്പോ ഓര് ബല്യ ചക്ക പുലീടെ മണ്ടേൽ വീണ് പുലി ചത്ത് അത് കൊണ്ട് അവന്റെ അച്ഛന്റെ പകയും തീർത്ത് പിന്നെ ആ പ്ലാവ് മുറിച്ചിട്ടില്ല.

*റിഥു രാജ്*

## ലിറ്റിൽ കൈറ്റ്-യൂണിറ്റ്

## കോട്ടയം മലബാർ ഗവ.ഹയർസെക്കന്ററി സ്കൂൾ

കോട്ടയം മലബാർ ഗ.വ ഹയർ സെക്കന്ററി സ്കൂളിൽ പ്രവർത്തിച്ചു വരുന്ന മികച്ച ഒരു ക്യാമ്പാണ് ലിറ്റിൽ കൈറ്റ്.8,9,10 ക്ലാസുകളിലായി മൂന്ന് ബാച്ച് ഉണ്ട്. ഐ.ടി മേഖലയിൽ താൽപര്യമുള്ള അഭിരുചി പരീക്ഷകളിലൂടെ മികവ് തെളിയിയച്ചവരാണ് അംഗങ്ങളെല്ലാവരും. കൈറ്റ്മിസ്ട്രസ്സ്മാരായ സംസ്മിത ടീച്ചറും ഷൈനി ടീച്ചറും എല്ലാ ബുധനാഴ്ചയും ക്ലാസുകൾ കൈകാര്യം ചെയ്യുന്നു

ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ മികവാർന്ന പല പ്രവർത്തനങ്ങളും ഏറ്റെടുത്ത് വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. ഈ *വർഷത്തെ സ്കൂൾ പാർലിമെന്റ് ഇലക്ഷൻ കംപ്യൂട്ടറിലൂടെയാണ് എല്ലാ ക്ലാസിലും നടന്നിട്ടുള്ളത്. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിൽ വോട്ടു ചെയ്യുന്ന അതേ മാതൃകയിൽ സോഫ്റ്റ് വെയർഇൻസ്റ്റാൾ ചെയ്ത് എല്ലാ ക്ലാസുകളിലെ ലാപ്ടോപ്പിലും സജ്ജമാക്കുന്ന ജോലി ലിറ്റിൽ കൈറ്റ് അംഗങ്ങളാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല ക്ലാസ് അധ്യാപകർക്ക് അതിന്റെ പരിശീലനം നൽകിയതും ക്ലബംഗങ്ങളാണ്.*

*ഡിജിറ്റൽ ക്യാമറയുടെ ഉപയോഗവുമായി ബന്ധപ്പെട്ട് ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക് പരിശീലനം ലഭിച്ചിരുന്നു. ഈ വർഷത്തെ SSLC വിദ്യാർത്ഥികളുടെ മുഴുവൻ*



***ഫോട്ടോയുടെ സ്കൂളുകളിലെ ഡിജിറ്റൽ ക്യാമറ ഉപയോഗിച്ച് ലിറ്റിൽ കൈറ്റ് അംഗങ്ങളാണ് എടുത്തത്.***

JIMP SOFTWARE ഉപയോഗിച്ച് 150*200 PIXEL ആക്കി 30 K B യിൽ താഴെ ക്രമീകരിച്ച് സംപൂർണ്ണയിൽ UPLOAD ചെയ്യാനുള്ള വലിയ ധൈര്യവും ലിറ്റിൽ കൈറ്റ് അംഗങ്ങൾ ഏറ്റെടുത്തു.

കൂത്തുപറമ്പ് സബ്ജില്ല ശാസ്ത്രമേള ഈ വിദ്യാലയത്തിൽ വച്ചാണ് നടന്നത്.മേളയോടനുബന്ധിച്ച് VIDEO,PHOTO എടുക്കുന്നതിലും മുൻനിരയിൽ ലിറ്റിൽ അംഗങ്ങളുണ്ടായിരുന്നു.

ലിറ്റിൽ കൈറ്റ് അംഗങ്ങൾ വിദ്യാലയം പ്രതിഭകളിലേക്ക് എന്ന പരിപാടിയുമായി ബന്ധപ്പെട്ട് ശ്രീ കലാമണ്ഡലം മഹേന്ദ്രനുമായി നടത്തിയ കൂടിക്കാഴ്ച്ചയുടെ ഡോക്യുമെന്റേഷൻ നിർവഹിക്കുകയുണ്ടായി.

കോട്ടയം ചിറ കോട്ടയം മലബാറിന്റെ തൊട്ടരികിൽ സ്ഥിതിചെയ്യുന്ന ഏറ്റവും വലിയ ഒരു ജലാശയമാണ്. ഈ ചിറയെക്കുറിച്ചുള്ള ഒരു ഡോക്യുമെന്റേഷനും ലിറ്റിൽ കൈറ്റ് അംഗങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

സബ്ജില്ലാ ജില്ലാ മത്സരങ്ങളിൽ ഐ.ടി മേളയിൽ എല്ലാ മത്സരങ്ങൾക്കും ലിറ്റിൽ കൈറ്റ് അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്.ഈ വിദ്യാലയത്തിലെ അഭിരൂപ് ജില്ലാ തലത്തിൽ***ഡിജിറ്റൽ പൈന്റിംഗ് മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയിരുന്നു.***

ലിറ്റിൽ കൈറ്റിന്റെ കൂത്തുപറമ്പ് സബ്ജില്ലാ കേംപിൻ ആതിഥ്യമരുളിയത് ഈ



വിദ്യാലയം ആയിരുന്നു.കൂത്തുപറമ്പ് സബ്ജില്ല ലിറ്റിൽ കൈറ്റ് വിജയകരമായി നടത്താൻ *സാധിച്ചിട്ടുണ്ട്.*



രക്ഷിതാക്കൾക്കുള്ള കംപ്യൂട്ടർ പരിശീലനവും ഹൈടെക് ക്ലാസ്സ്റൂം സാധ്യതകളും ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ടക്ലാസ്സും സംഘടിപ്പിക്കുകയുണ്ടായി.കൈറ്റ്മിസ്ട്രസ്സ്മാരാ യ സംസ്മിത ടീച്ചറും ഷൈനി ടീച്ചറും ക്ലാസുകൾ കൈകാര്യം ചെയ്തു.

******

## കേൾക്കാതെ പോയ വിളി

*അന്നും പതിവുപോലെ അവൻ മൊബൈൽ ഫോണുമായി തന്റെ റൂമിലിരുന്ന് കളിയിൽ ഏർപ്പെട്ടു.വയ്യാതെയാണെങ്കിൽ അമ്മ അവന് അന്നും പ്രാതൽ തയ്യാറാക്കി കൊടുത്തു. അതും കഴിച്ച് അവൻ വീണ്ടും തന്റെ പതിവു ചര്യയിൽ ഏർപ്പെട്ടു.അമ്മയ്ക്ക് ഇന്ന്*
*തീരെ വയ്യായിരുന്നു.രോഗം കലശലായതിനാൽ അവർ പോയി റൂമിൽ കിടന്നു.കുറച്ച് നേരത്തേക്ക് അവിടം നിശ്ശബ്ദത കൊണ്ട് മൂടിയിരുന്നു.*

*അവൻ മൊബൈലിൽ വീഡിയോയും മറ്റും കാണുകയും മറ്റും കാണുകയും ഉറക്കെ ചിരിക്കുകയും ചെയ്യുന്നുണ്ടായിരുന്നു.മോനെ... കുറച്ചുവെള്ളം തരുമോ എന്ന അമ്മയുടെ ചോദ്യം അവൻ കേൾക്കു--ണ്ടായിരുന്നു. പക്ഷേ അവൻ കേൾക്കാത്തതു പോലെനടിച്ചു.വീണ്ടും വീണ്ടും അമ്മ വെള്ളത്തിനായി ചേദിക്കുന്നതു കേട്ടപ്പോൾ അവൻ റൂമിന്റെ വാതിലടച്ച് ഹെഡ്സ്സെറ്റ് ചെവിയിൽ കുത്തി ഫോണിൽ കളി-തുടർന്നു.*

*മണിക്കൂറുകൾ കഴിഞ്ഞു.അവന് കലശലായ ദാഹം അനുഭവ--പ്പെട്ടു എങ്കിലും അവൻ അവിടെ നിന്ന് എഴുന്നേറ്റില്ല.കാരണം അവൻ വിചാരിച്ചു ഈ വിഡിയോ കൂടി കണ്ടു കഴിയട്ടെ എന്ന്. ഒടുവിൽ ദാഹം സഹിക്കവയ്യാതെ വന്നപ്പോൾ അവൻ എഴുന്നേറ്റ്*
*അടുക്കളയിൽ പോയി വെള്ളം കുടിച്ചു അപ്പോഴാണ് അവന് അമ്മയെപറ്റി ഓർമ്മവന്നത് അവൻ ഒരു ഗ്ലാസ്സ് വെള്ളവുമായി*
*അമ്മയുടെ അടുത്ത്പോയി.*

*അമ്മേ....ദാ വെള്ളം....അവൻ പറഞ്ഞു.പക്ഷെ അമ്മ ഒന്നും അനങ്ങുന്നുണ്ടായിരുന്നില്ല.പതിയെ അവൻ അമ്മയുടെ ചാരെ*

***പോയി നോക്കി.അവിടെ തന്റെ അമ്മ ചലനമറ്റ ശരീരവുമായി കിടക്കുന്നത് അവൻ കണ്ടു.ദാഹവും വിശപ്പും ഇല്ലാത്ത ലോകത്തേക്ക് അവർ യാത്രയായി എന്നവന്ന് മനസ്സിലായി.***

***അമ്മേ.......എന്ന നിലവിളി അവിടെ ഉയർന്നു.പക്ഷേ ആരു കേൾ ക്കാൻ......***

***ഫാത്തിമ ബീവി***

## *ചക്കയാണ് താരം*

ഒൻപതാം ക്ലാസ്സിലെ കേരളപാഠാവലിയിലെ 'തേൻവരിക്ക' എന്ന കഥയോടനുബന്ധിച്ച് ക്ലാസ്സിൽ നടത്തിയ സർഗാത്മക പഠനപ്രവർത്തനത്തിലെ ചില സൃഷ്ടികളാണിത്.

കുട്ടൻ രാവിലെ തന്നെ വരിക്കപ്ലാവിനടുത്തെത്തി. പലവലുപ്പത്തിലുള്ള ചക്കകൾ.മഴക്കാലത്തും വേനൽക്കാലത്തും ഒരുപാട് ചക്കകൾ വരിക്കപ്ലാവ് നൽകിയിട്ടുണ്ട്.ആശ്വാസവും തണലുമേകിയ വരിക്കപ്ലാവ്,മുത്തശ്ശനാണ് നട്ടത്. തൊടിയിൽ പഴംചക്കയും വരിക്കച്ചക്കയും ഇഷ്ടം പോലെയുണ്ട്.ചക്ക പാകമാകുമ്പോൾ വീട്ടിൽ ഉത്സവമാണ്.ചക്കത്തോരൻ,ചക്കപ്പുഴുക്ക്, ചക്ക ഉപ്പേരി,ചക്കപ്പായസം,തുടങ്ങി നിരവധി ഇനങ്ങൾ.ചക്കയുള്ള ദിവസങ്ങൾ വീട്ടിൽ ആറാട്ടുസദ്യപോലെയാണ്.നാട്ടുകാരെയും വീട്ടുകാരെയും കൊണ്ട് വീട് നിറയും.മുത്തശ്ശിയും മുത്തശ്ശനും വല്ല്യമ്മയും വല്ല്യച്ഛനും അമ്മായിയും അമ്മാവനും അമ്മയുമാണ് വിളമ്പുക.സ്കൂളിൽ നിന്നും തിരിച്ചെത്തിയാൽ കുട്ടൻ തൊടിയിൽ പോയി ചക്കയുടെ അടുത്തിരിക്കും.കൂട്ടുകാരോടൊപ്പം പ്ലാവിനുകുട്ടിരുന്ന് അണ്ണാറക്കണ്ണനോടും കൂട്ടുകാരോടും കഥകൾ പറയും.മധുരമുള്ള തേൻവരിക്കകൾ താഴെവീഴ്ത്തിത്തരാൻ പറയും.അങ്ങനെ ഓർത്തിരിക്കുമ്പോഴാണ് അമ്മ വിളിച്ചത്.മുത്തശ്ശൻ ഒര് വാർത്തയുമായാണ് വന്നത്,തൊടിയിലെ പ്ലാവുകൾ മുറിക്കണമെന്നും പറഞ്ഞ് ഗവൺമെന്റ് ഉദ്യോഗസ്ഥർ വന്നിട്ടുണ്ട്.പ്ലാവ് മുഴുവനും ഗവൺമെന്റിന്റെ സ്ഥലത്താണത്രേ.മുത്തശ്ശനും മുത്തശ്ശിക്കും എല്ലാവർക്കും ഭയമായി.

കുട്ടന്റെ നെഞ്ച് ഇടറുന്നതുപോലെ തോന്നി.അവൻ തൊടിയിൽപോയി വരിക്കപ്ലാവിനടുത്ത് നിന്നു.അവൻ ആ പ്ലാവിലിരുന്ന് മയങ്ങിപ്പോയി.ആ മയക്കത്തിൽ അവൻ ഒരു സ്വപ്നം കണ്ടു.തൊടി-യിലെ അവന്റെ പ്രിയപ്പെട്ട പ്ലാവുകൾ മുറിക്കുകയാണ്.

അണ്ണാറക്കണ്ണനും കൂട്ടരും നിലവിളിക്കുകയാണ്.മുത്തശ്ശൻ തളർന്നു വീണു. നാട്ടുകാരെല്ലാം വീടിനുചുറ്റും നിൽക്കുന്നു.അവൻ ഞെട്ടിയുണർന്നു,മെല്ലെ പറഞ്ഞു,ഇല്ല എന്റെ ചങ്ങാതിമാരായ പ്ലാവുകളെ പിരിയാൻ എനിക്കാവില്ല.തണലും ആശ്വാസവുമായി പടർന്നുപന്തലിച്ച പ്ലാവ്ന്റെ ഓരോ ശാഖകളിലും ഉണ്ടായ ചക്കകൾ ഒരിക്കലും മറക്കാ-നാവാത്ത ആ രുചിയുടെ ലോകം ഒന്നും പിരിയാനാവുന്നില്ല.നാരുക-ളടങ്ങിയ പഴംചക്കയുടെ സ്വാദ് ഇന്നും നാവിൽ നിന്നും പോയിട്ടില്ല. വേനൽക്കാലത്ത് പ്ലാവിൽ ഊഞ്ഞാലാടിക്കളിക്കാൻ നല്ല രസമായിരുന്നു.തൊടിയിലെ പ്ലാവുകളിലെല്ലാം കൂട്ടുകാർ ഊഞ്ഞാ-ൽക്കെട്ടും.വിഷുവിന് കണിവെയ്ക്കാനും ചക്കയുണ്ടായിരുന്നു.അപ്പോൾ തൊടിയിലെ മറ്റുപ്ലാവുകളെ മുറിക്കാനായി മരംവെട്ടുകാർ വന്നിരിക്കുന്നു.നിറകണ്ണുകളോടെ കുട്ടൻപാടി

ഒരു തണലായി ഈ മണ്ണിൽ
ഇനിയും വരുമോ പ്ലാവേ നീ
മണ്ണിൽ നിന്നും പൊട്ടിമുളച്ച
പ്ലാവേ നിൻ ജന്മം
പ്ലാവേ നിൻ ജന്മം

അണ്ണാറക്കണ്ണൻ കുട്ടനെ നോക്കി ചിലച്ചു.    ഛിൽ...ഛിൽ...

*കീർത്തന.എ*

*ലഹരി എന്ന ആപത്ത്*

മദ്യത്തിന്റെയും മയക്കമരുന്നിന്റെയും വിപത്തുകളെ പറ്റി എല്ലാവർക്കും അറിയാമല്ലോ.കേരളത്തിൽ മദ്യം രുചിച്ചുതുടങ്ങുന്ന ആൺ കുട്ടികളുടെ ശാരശരി പ്രായം 18 വയസ്സിൽ താഴെ എന്നാണ്.ദശകങ്ങൾക്ക് മുമ്പിൽ പെതുവെമലയാളിമദ്യപിച്ചിരുന്നതരഹസ്യമായിട്ടായിരു-ന്നെങ്കിൽ ഇന്ന് ഒത്തുചേരലുകളിൽ മദ്യം ഒഴിവാക്കാനാവാ-ത്ത ഒരിനമായി മാറിക്കഴിഞ്ഞു.പിന്മാറൽ അസാദ്യമാകും വിധം കാലാന്തരത്തിൽ ലഹരി മദ്യപാനിയെ അയാൾ അറിയാതെ തന്നെ കീഴ് പെടുത്തുകയുംചെയ്യും.അതുകൊണ്ട്
ഒരിക്കലും ഈ ആപത്തിൽ പെട്ടുപോകരുതേ!

ശരിയല്ലാത്ത കൂട്ടുകെട്ടും ദുശ്ശീലങ്ങൾ വളർ-ത്തുന്ന സാഹചര്യവും ഒഴിവാക്കണം.ചുറ്റുമുള്ള ആരെങ്കിലും തെറ്റായവഴിയിൽ സഞ്ചരിക്കുന്നുവെന്ന് അറിഞ്ഞാൽ അതോടെ നിങ്ങൾ പ്രതികരിക്കേണ്ടതാണ്.

കാലിടറാതെ നമ്മൾ മുന്നോട്ട് സഞ്ചരിക്കണം...

**ജീവചരിത്രത്തിലൂടെ.............**

## പ്രേം ചന്ദ് [1880-1937]

ആധുനിക ഹിന്ദി സാഹിത്യത്തിന്റെ ജനപിതാവ് ജനനം -1880-ൽ ബനാറസിൽ. ആദ്യനാമം ധനപത്റായി ക്ലേശഭ്രഷ്ംമായ വിദ്യാർത്ഥിനി ജിവിതം സ്കൂൾ അധ്യാപകനായി പൊതു ജിവിതം ആരംഭിച്ചു. നിസഹകരണ  ചേർന്നു പ്രവർത്തിച്ചു. ഉറുദുവിൽ സാഹിത്യ സൃഷ്ടികൾ ആരംഭിച്ചു. പിന്നീട് ഹിന്ദിയിൽ എഴുത്തുതിടങ്ങി.

ചെറുകഥാകൃത്ത് എന്ന നിലയിൽ ഹിന്ദി സാഹിത്യത്തിൽ അതില്യനാണു പ്രേം ചന്ദ്. പ്രസിദ്ധങ്ങളായ നോവലുതളും എഴുതിയിട്ടുണ്ട്. സമകാലീന സമുദായത്തിൽ വഴക്കങ്ങൾ. ബ്രിട്ടീഷ് ഇന്ത്യയിൽ സാധാരണക്കാരൻ അനുഭവിച്ച കഷ്ടപ്പാടുകൾഎന്നിവ പ്രേം ചന്ദിന്റെ കൃതികളിൽ കലാ പരമായി ആ വിഷ് കരിക്കപ്പെട്ടു.

പ്രധാന കൃതികൾസ്-ഗോദാനം,കർമ്മഭ്ര
മി,പ്രേമാശ്രമം.

**നിര്യായണം–1937 ൽ**

## വാൽസല്യം

ഗംഗയും മാളുവും കൂട്ടുകാരികളായിരുന്നു. ഇവർ ഒരേ സ്കൂളിലാണ് പഠിക്കുന്നവരാണ്.ഇവരുടെ വീടുകൾ അകലെയാണെങ്കിലും അടുത്തറിയുന്നവരാണ്. ഒരു ദിവസം സ്കൂളിലേക്കുള്ള തങ്ങളുടെ യാത്രയ്ക്കിടയിൽ അവർ ഒരു മുത്തശ്ശിയെ കണ്ടു.ചെറിയൊരു വീടിനുമുന്നിൻനിന്നും റോഡിലേക്ക് എത്തി ആരെയോകാത്തുനിൽ ക്കുന്നതുപോലെ നിൽക്കുന്നു.അവർ മുത്തശ്ശിയോട് ചിരിച്ചു സ്ക്കൂളിലേക്കുനടന്നു.അങ്ങനെ രണ്ടുമൂന്നുദിവസംകടന്നുപോയി. ഒരു ദിവസം ഗംഗയും മാളുവുംമുത്തശ്ശിയുടെ അടുത്തെത്തി ചോദിച്ചു:"മു്ത്തശ്ശി ആരെയാണ് കാത്തുനില്ക്കുന്നത്?". മുത്തശ്ശി അവരോട് സങ്കടത്തോടെ പറയുകയാണ്:"ഞാന്മരണത്തെ കാത്തു നിൽക്കുകയാണുമക്കളെ".മാളുവി ന്റെ കൈ ചേർത്തുവച്ച് മുത്തശ്ശി പറഞ്ഞു.ഇന്നെനിക്ക് താങ്ങായി നിൽ ക്കേണ്ടവർ എവിടെയൊക്കോ ഉണ്ട്.പക്ഷേ,അവർക്ക് എന്നെ ശ്രദ്ധിക്കാൻസമയമില്ല.ഞാനാണെങ്കിൽഅവരെബുദ്ധിമുട്ടിക്കുന്നതിനായി ആഗ്രഹിക്കുന്നില്ല.അതുകൊണ്ടു തന്നെ അടുത്ത നിമിഷം വന്നെത്താനിരിക്കുന്ന മരണമാകുന്നഅതിഥിയെയും പ്രതീക്ഷിച്ച് കഴിയുകയാണ്.മുത്തശ്ശിയുടെ കഥ കേട്ടയുടനെ ഗംഗ ബേഗിൽ നിന്നും ഉച്ചയ്ക്ക് കഴിക്കുന്നതിനായ് അമ്മ തന്നുവിട്ട ഭക്ഷണമെടുത്ത്മുത്തശ്ശിക്ക് നൽകിക്കൊണ്ട് പറഞ്ഞു:"മുത്തശ്ശിക്കിനി ഞങ്ങളുണ്ട്.മുത്തശ്ശി ഇവിടെ ഇങ്ങനെ നിൽക്കേണ്ട.വീട്ടിലേക്ക് പോയ്ക്കോളൂ.പാത്രം ഞങ്ങൾ തിരിച്ചുപോകുമ്പോൾ വാങ്ങിക്കൊള്ളാം."അങ്ങനെ തുടർച്ചയായി അവർ പങ്കിട്ടു കഴിക്കാൻ തുടങ്ങി.വൈകുന്നേരം സ്കൂൾവിട്ട് ചെല്ലുമ്പോൾ മുത്തശ്ശി ചോറ്റുപാത്രവുമായി അവരെ കാത്തുനിൽക്കുന്നു.പാത്രം നൽകി അവരെ കാത്തുനിൽക്കുന്നുണ്ടായിരുന്നു.പാത്രം നൽകി അവരെ ചേർത്തുപിടിച്ചു മുത്തശ്ശി പറഞ്ഞു:"ഈശ്വരൻ നിങ്ങളെ രക്ഷിക്കട്ടെ"ഒരു ദിവസം മാളു,പിറ്റേ ദിവസംഗംഗ.ഇപ്രകാരം അവർ മുടങ്ങാതെ മുത്തശ്ശിക്ക് ഭക്ഷണം നൽകിവന്നു.അന്ന് പക്ഷേ മുത്തശ്ശിക്കു ഭക്ഷണംനല്കുമ്പോൾ

മാളുവിന്റെ കൈ ഒന്നു വിറച്ചതുപോലെ,ഗംഗയ്ക്ക് ആവട്ടെ കണ്ണ് നിറഞ്ഞുപോയി.അങ്ങനെ പിറ്റേന്ന് പതിവുപോലെസ്കൂളിൽ പോകുമ്പോൾ മുത്തശ്ശിയെ അവിടെ കാണാനില്ല.അവിടെയുള്ള ഒരാളോട്ചോദിച്ചപ്പോൾ ഇന്നലെ രാത്രി മരണപ്പെട്ടു എന്ന വാർത്ത കേട്ടു.അവർ ആകെപ്പാടെ തളർന്നു.എങ്കിലും,ഒരു കാര്യത്തിൽ അവർക്ക് സന്തോഷമായിരുന്നു;മുത്തശ്ശിക്ക് ഞങ്ങളുടെ കൈ കൊണ്ട് കുറച്ച് ഭക്ഷണം കൊടുക്കാൻ കഴിഞ്ഞല്ലോ എന്നസന്തോഷം.ആ സമയത്ത് അവർ അനുഭവിച്ചറിഞ്ഞു.മഹത്തായ മാതൃപരമ്പരയുടെയഥാർഥ മാതൃത്വത്തിന്റെ വാത്സല്യം.

മിഘ്‌ലിന കെ

# കേരളീയ തനിമ

പനങ്കുല പോലെ അഴിച്ച നീളൻ
മുടിയും പേടമാൻ മിഴികളും
അമ്പിളിമാമന്റെ തിളക്കവും
സൂര്യന്റെ ആകൃതിയും കൈ
വന്ന നിന്നെ ഞാൻ എന്തു
വിളിക്കേണ്ടിയിരിക്കുന്നു
താരകങ്ങൾക്കിടയിലുള്ള
തിളങ്ങും തിങ്കളിനെ പോലെ
വർണശഭളമായ വാർമഴവില്ലിന്റെ
സൗന്ദര്യാനുഭൂതിയോടെ
നയനാകർഷമായ നിന്റെ
കണ്ണുകൾക്കിടയിലെ കൃഷ്ണമണി
ഞാൻ നോക്കി നിൽപ്പൂ
തെക്കൻ കേരളീയ സംസ്കാരവും
ഭൂലോക സൗന്ദര്യവും ഉൾക്കൊള്ളുന്ന
സുന്ദരി നിന്റെ ഭംഗി ഞാനേറെ
ആസ്വദിച്ചിരുന്നോട്ടെ...

ഋത്വിക് രാജ്.പി

കുഞ്ഞുണ്ണി മാഷുടെ

കുഞ്ഞുപദേശങ്ങൾ

1,ജീവിതം കഥയാക്കാം

കഥ ജീവിതമാക്കരുത്

2, പുലർച്ചക്ക് പഠിച്ചാൽ

പഠിപ്പും പുലരും

3, വല്ലതും പഠിക്കാതെ നല്ലതും പഠിക്കാതെ

വേണ്ടതു പഠിക്കു

4, ഉൽസാഹമില്ലാത്തവന്

ഉന്നതിയുണ്ടാവില്ല

5, മന;ശുദ്ധിയോളം നല്ല ശുദ്ധിയില്ല

## ***BEAUTIFUL FLOWER***

***Flower Flower***
***My Beauti full flower***
***My Beauti full Flower In My Garden***
***And,My Brother Picked The Beauti- Full Flower***
***I Beat Him***

*SULTHANA*

### *കൃത്രിമ പാനീയങ്ങളിലൂടെ...*

**ഇന്നും നാം ജീവിതത്തിൽ നേരിടുന്ന ഒരു പ്രശ്നമാണ് ആരോഗ്യ പ്രശ്നങ്ങൾ.ഇതിനൊരു കാരണമാണ് കൃത്രിമ പാനീയങ്ങൾ ഉപയോഗിക്കുന്നത്. ഇങ്ങനെയുള്ള കൃത്രിമ പാനീയങ്ങളിൽ പലതരം രാസവസ്തുക്കൾ ചേർക്കുന്നുണ്ട്.ഇങ്ങനെയുള്ള കൃത്രിമ പാനീയങ്ങൾ ഉപയോഗക്കുന്നതിലൂടെ അതിന്റെ സ്വാദും,മണവും നമ്മെ അതിലേക്ക് കൂടുതൽ ആകർഷിക്കുന്നു.ലഹരിക്കടിമപ്പെടുന്നതുപോലെ ഒരിക്കൽ രുചിച്ചാൽ വീണ്ടും വീണ്ടും കുടിക്കാൻ തോന്നും.അങ്ങനെ ഇവയുടെ നിരന്തരമായ ഉപയോഗം മൂലം കരൾ,കിഡ്നി തുടങ്ങിയ ആന്തരവയവങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും.അത്പോലെ ശരീരത്തിലെ എല്ലുകൾക്കും പല്ലുകൾക്കും കേടുപാടുകൾ ഉണ്ടാക്കുന്നു.അതോടൊപ്പം ഇത് നമ്മെ വലിയ രോഗിതയാക്കുന്നു.അതുകൊണ്ട് ഇത് സമൂഹതിന്മയാണ്.**

## മദ്യ കേരളം

ഒരു സമൂഹത്തിന്റെ ഉന്നത വിജയത്തിൽ
താഴ്ച്ച ഉണ്ടാക്കുന്ന ഒരു പ്രവൃത്തിയാണ്
മദ്യപാനം.ഒരു സമൂഹത്തിന്റെ മാത്രമല്ല ഒരു രാഷ്ട്രത്തിന്റെയും ,ഒരു കുടുമംബത്തിന്റെയും
താഴ്ച്ചയിലേക്ക് നയിക്കുന്ന പ്രവൃത്തിയാണ് മദ്യപാനം.മദ്യം
വിഷമാണ്.അവ നമ്മുടെ ജീവിതരീതി തന്നെ
മാറ്റിമറിക്കുന്നു.അമിതമായ മദ്യപാനം ശാരീരിക,മാനസികമായ
രോഗങ്ങ-ൾക്ക് വിധേയനാകുന്നു.മദ്യം നമ്മെ സ്വന്തം കുടുംബത്തിൽ
നിന്നും രക്തബന്ധങ്ങളിൽ നിന്ന് അകറ്റിനിർത്തുന്നു.അമിതമായ
മദ്യത്തിന്റെ ഉപയോഗം നമ്മെ എത്രയും പെട്ടെന്ന് നഗരത്തിന്റെ
പടിവാതിൽക്കൽ എത്തിക്കുന്നു.

***വരും തലമുറയോട് എന്താണ് കേരളമെന്ന് ചോദിച്ചാൽ "മദ്യ വിരുദ്ധകേരളം" എന്ന്അഭിമാനമായി പറയാൻ കഴിയുന്നതായിരിക്കണം ഇനി കേരളം.***


## കുന്നുകൾ ഇല്ലാതാവുന്നു

വയലുകൾ നികത്തുന്നതിന്റെ മറ്റു വശമാണിത്.ഓരോ പ്രദേശത്തിന്റെയും പ്രകൃതിയുടെ ഭാഗമാണ്.സ്വാഭാവിക-മായ കുന്നുകൾ പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഇവ ആവശ്യമാണ് എന്ന് പറഞ്ഞാൽ പോര.

ശ്രദ്ധിച്ചാലറിയാം ഈ കുന്നുകളുടെയെല്ലാം താഴ്വാരങ്ങളിൽ അനേകം നീരുറവകൾ ഉണ്ടാകും.
ഇവയിൽ എപ്പോഴുംവെള്ളമുമണ്ടായിരിക്കും.മഴ-ക്കാലത്ത്കുന്നുകൾ-ഇല്ലാതാകുന്നതോടെ ആ സാദ്യതയും തീരും.

ഇതു ജലത്തിന്റ കാര്യം. ഈ കുന്നുകൾ ഇടിച്ചു-നിരത്തുമ്പോൾ മേൽമണ്ണ് അതായത് ജൈവ സാന്നിധ്യ-മുള്ള മണ്ണ് ഉണ്ടാക്കാൻ നൂറു കണക്കിന് വർഷം വേണം.
അപ്പോൾ കരു കൃഷികളുടെ നാശവുമുണ്ടാവുന്നു.മണ്ണ് ഊ-ഷാരമാവുന്നു.

വരും തലമുറയ്ക്ക് ഇവിടെ ജീവിക്കണമെന്ന് അറിഞ്ഞ് കൊണ്ട് കുന്നുകൾ നശിപ്പിക്കരുത്.



*യദുനന്ദ് VIII B*

## പാചകലോകം

### ഷാർജാ ഷെക്

**സാമഗ്രികൾ**

- ➔ ചെറുപഴം
- ➔ പഞ്ചസാര
- ➔ ബൂസ്റ്റ്
- ➔ അണ്ടിപ്പരിപ്പ്
- ➔ മുന്തിരി

**തയ്യാറാക്കുന്ന വിധം**

ചെറുപഴം ചെറുതായി അരിഞ്ഞ്  ആവശ്യമനുസരിച്ച് അൽപം വെള്ളവും  ചേർത്ത് മിക്സിയിൽ നിന്നും ചെറുതായി അടിച്ചെടുക്കുക ശേഷം

അതിൽ  ബൂസ്റ്റ് , പഞ്ചസാര എന്നിവ ചേർത്ത് നന്നായി അടിച്ചെടുത്ത് അത് ഒരു ജ്യൂസ് ഗ്ലാസിലേക്ക് മാറ്റി  അതിൽ അണ്ടിപ്പരിപ്പ്, മുന്തിരി ഇവ വിതറി  അലങ്കരിക്കുക  ഷാർജാ ഷെക് തയ്യാർ

ആയിഷ ജൗഹറ

**മഹത് വചനം**

*ചിന്തയുടെയും വാക്കിന്റെയു പ്രവൃത്തിയുടെയു സമ്പൂർണ്ണമായ പൊരുത്തം തന്നെയായിരിക്കണം നമ്മുടെ ലക്ഷ്യം*

*-ഗാന്ധിജി*

*അവസരങ്ങൾ ഒരിക്കലും ഒന്നിലധികം തവണ നിങ്ങളുടെ വാതിൽക്കൽ മുട്ടുന്നില്ല*

*-ഷാം ഫോർട്ട്*

*അശ്രദ്ധ അറിവില്ലായ്മയേക്കാൾ ദോഷം ചെയ്യുന്നതാണ്*

*-ഫ്രാങ്ക്ളിൻ*

## യാത്രാനുഭവം

### മൂകാംബികോൽസവം

ഏതോ ഒരു സുപ്രസിദ്ധ നിമിഷത്തിൽ ഒരു അഭിപ്രായം എന്റെ കാതിൽ പതിച്ചു. കുടുംബസമേതം മൂകാംബികയിൽ ഒരു യാത്ര പുറപ്പെടുന്നു. കുറേ കാലങ്ങൾക്കു ശേഷമാണ് കുടുംബാംഗങ്ങളെല്ലാം വരും ഒത്തു ചേർന്നൊരുയാത്ര. അത് എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയഒരുകാര്യംതന്നെയാണ്.കാരണം,കുടുംബാംഗങ്ങളുമായുള്ള യാത്ര എനിക്ക് ഒത്തിരി ഇഷ്ടമാണ്.അത് അപൂർവമായെ എനിക്ക് കിട്ടാറുള്ളു.

അതിയായ സന്തോഷത്തിൽ ഉറങ്ങിയതു കൊണ്ടായിരിക്കാം ഉണർന്നപ്പോൾ എന്തു ചെയ്യാനും പതിവില്ലാത്തൊരു ഉൻമേഷം ലഭിച്ചത്. പുലർച്ചെ തന്നെ ഞങ്ങൾ യാത്ര പുറപ്പെട്ടു. നല്ല തണുപ്പുണ്ടായിരുന്നു. പക്ഷെ ആ തണുപ്പിനെ പോലും എന്റെ സന്തോഷത്തെ ഇല്ലാതാക്കാൻ കഴിഞ്ഞില്ല. ഒത്തിരി തവണട്രെയിൻ എന്ന വലിയ വാഹനത്തിൽ കയറിയെങ്കിലും അന്ന് കയറാൻ ഒരു പുതുമയുണ്ടായിരുന്നു. ഒടുവില് മൂകാംബികയില്എത്തി. പിന്നീടുള്ളനിമിഷങ്ങള്പ്രാര്ത്ഥനയുടെയും കാഴ്ചകളുടേതുമായിരുന്നു. നമ്മളെടുത്ത മുറിയിൽ നിന്നും കുറേ അകലെ ആയതു കൊണ്ട് അമ്പലത്തിലെത്തുമ്പോഴേക്കു ക്ഷീണതയായിരുന്നു. അമ്പലത്തിൽ കയറേണ്ടതുകൊണ്ട് ചെരുപ്പൊക്കെ കുറച്ചു ദൂരെഅഴിച്ചിട്ട് നഗ്നപാദത്തിൽ ക്ഷേത്രത്തിൽ കയറി, പ്രാർത്ഥിച്ചു.അങ്ങനെ ഞങ്ങൾ ഭക്ഷണം കഴിച്ചു. അവിടത്തെ ഒരുപാട് സ്ഥലങ്ങൾ കണ്ട് ആസ്വാദിച്ച് തിരിച്ച്മടങ്ങാൻ തീരിച്ചു മടങ്ങാന്തീരുമാനിച്ചു. ഈ യാത്രാനുഭത്തിൽ ഏറെ ഇഷ്ടമായത്

ചെറുതും വലുതുമായഒരുപാട് കുരങ്ങൻമാരെ കണ്ടതാണ്.അവിടെനിന്നും ഞങ്ങൾ സൗപർണിക എന്ന സ്ഥലത്തേക്ക് പോയി.ഇരുട്ട് മൂടും മുമ്പ് ഞങ്ങൾ വീട്ടിലേക്ക് മടങ്ങി.

## ക്വിസ് കോർണർ

### കേരള ക്വിസ്

1)കേരളാഗാന്ധി എന്നറിയപ്പെടുന്നതാര്?

A)കെ.കേളപ്പൻ

2)കേരളത്തിന്റെ സംസ്ഥാന മൃഗം?

A)ആന

3)കേരളത്തിന്റ സംസ്ഥാന പുഷ്പം?

A)കണിക്കൊന്ന

4)കേരളത്തിന്റെ സംസ്ഥാന വൃക്ഷം?

A)കേരം

5)കേരളത്തിന്റെ സംസ്ഥാന മത്സ്യം

A)കരിമീൻ

6)കേരളം നിലവിൽ വന്ന വർഷം?

A)1956 നവംബർ 1

7)കേരളത്തിന്റെ തനത് കലാരൂപം?

A)കഥകളി

8)കേരളത്തിൽ എത്ര ജില്ലകളുണ്ട്?


A)14

9)കേരളത്തിൽ എത്ര നദികളുണ്ട്?

A)44

## കോട്ടയം ചിറ

*ശ്രീ പഴശ്ശിരാജയുടെ കോവിലകമായ തൃക്കൈക്കുന്ന് ശിവക്ഷേത്രഭാഗമായി ഇന്ന് സ്ഥിതി ചെയ്യുന്ന കോട്ടയം ചിറ കണ്ണൂരിലെത്തന്നെ ഏറ്റവും പ്രശസ്തമായ ഒരു ചിറയായിരിക്കും ഐതിഹാസികമായ ഐതിഹ്യം നിലനിൽക്കുന്ന ഈ ചിറയുടെ മധ്യഭാഗത്തായി ഒരു കിണർ സ്ഥിതി ചെയ്യുന്നു. കടുത്ത വേനലിൽ പോലും ഇതിലെ വെള്ളം വറ്റാറില്ല. കോട്ടയം ചിറയുടെ സാന്നിധ്യത്തിൽ സമീപമുള്ള വീടുകളിലും വെള്ളം വറ്റാറില്ല . എന്നാൽ ഈ*




*അടുത്തകാലത്ത് കോട്ടയം ചിറ നേരിട്ട ഒരു പ്രശ്നമായിരുന്നു പായലുകളുടെ സാന്നിധ്യം. ആരും വൃത്തിയാക്കുവാനില്ലാതെ ചിറ പായലുകളാൽ നിറഞ്ഞു. ഒടുവിൽ നാട്ടുകാരും അമ്പലക്കമ്മിറ്റിയും ഇടപെട്ടാണ് പായലു-കൾ മാറ്റിയതും ചിറ വൃത്തിയാക്കിയതും. എന്നാൽ കോട്ടയം ചിറ ഇന്ന് "സഹസ്രസരോവർ പദ്ധതി"യിൽ ഉൾപ്പെടുത്തി ചിറ നവീകരിക്കപ്പെട്ടു*

## പഴഞ്ചൊല്ലുകൾ

. അങ്ങാടി കാണാൻ കണ്ണാടി വേണ്ട

. മുളയിലറിയാം വിള

. വിത്ത് ഗുണം പത്ത് ഗുണം

. ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമൊ?

. സമ്പത്ത് കാലത്ത് കൈപത്തു വെച്ചാൽ ആപത്ത് കാലത്ത് കാപത്ത് തിന്നാം

. കുംഭത്തിൽ നട്ടാൽ കുടത്തോളം മീനത്തിൽ നട്ടാൽ എങ്കണ്ണിയോണം

. പഴം പഴുത്താൽപുഴ

. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

### *പെണ്ണിന്റെ ബുദ്ധി*

ഒരിടത്ത് ഒരു പാവംകൃഷിക്കാരൻ ഉണ്ടായിരുന്നു.അയാൾക്ക് ആയിരത്തൊളം ഏക്കർ കൃഷിഭൂമിയുണ്ട്. കൃഷിപ്പണിക്കാർക്ക് കൂലികൊടക്കാന്പണമില്ലാതെഅയാള്ബുദ്ധിമുട്ടി.ദാരിദ്ര്യം-കൊണ്ട് കഷ്ടപ്പെട്ട അയാളുടെ വീട്ടിൽ ഒരു മഹർഷിവന്നു.അദ്ധേഹം ഒരു മന്ത്രം പറഞ്ഞു കൊടുത്തു.ആ മന്ത്രം ചൊല്ലിയ-പ്പോൾ ഒരു രാക്ഷസൻ പ്രത്യക്ഷപ്പെട്ടു."ഞാൻ എന്താണ് ചെയ്യേണ്ടത്?'' രാക്ഷസൻ ചോദിച്ചു."കൃഷിയിടമെല്ലാം കിളച്ചുമറിക്കു''.കൃഷിക്കാരൻ പറഞ്ഞു.ഒരു മണിക്കൂർ  കൊണ്ട്രാക്ഷസൻ പണി തീർത്തു."എനിക്ക് പണി തരൂ ഇല്ലെങ്കിൽ  നിങ്ങളെ ഞാൻ കൊല്ലും".രാക്ഷസൻ പറഞ്ഞു.കൃഷിക്കാരൻ കുഴപ്പത്തിലായി.കൃഷി ഭൂമിയിലെ ജോലികളെല്ലാം രാക്ഷസൻ പെട്ടെന്ന് ചെയ്തു തീര്ക്കുന്നു.അവന് വീണ്ടും
പണികൊടുത്തുക്കൊണ്ടിരുന്നില്ലെങ്കിൽ
അവൻ തന്നെ കൊല്ലും.അവനിൽ നിന്ന് രക്ഷപ്പെടാൻഎന്താണൊരു മാ-ർഗം.   അയാൾ ഭാര്യയോട് പ്രശ്നം പറഞ്ഞു.

“ഞാൻ രാക്ഷസനെ നേരെയാക്കാം''ഭാര്യ പറഞ്ഞു.

അവൾ തന്റെ ചുരുണ്ട ഒരു തലമുടി പറിച്ചെടുത്ത് രാക്ഷസന്റെ കൈയിൽ കൊടുത്തിട്ട് പറഞ്ഞു.''ഇത് നിവർത്തി നേരെയാക്കിത്തരണം''
രാക്ഷസൻ എത്ര ശ്രമിച്ചിട്ടും മുടി നിവരുന്നില്ല. അവൻ തോറ്റു.നാണം കെട്ട
*രാക്ഷസൻ ഉടനെ സ്ഥലം വിട്ടു.*

***sulthana parveen***

**വായനാനുഭവം**

**ഒരു കുടയും കുഞ്ഞു പെങ്ങളും**

*മലയാള സാഹിത്യത്തിൽ തിളങ്ങി നിൽക്കുന്ന രചയിതാവാണ് മുട്ടത്തുവർക്കി.*

*മുട്ടത്തുവർക്കിയുടെ അതിപ്രശസ്തമായ കഥയാണ് 'ഒരു കുടയും കുഞ്ഞു പെങ്ങളും'*

*ബേബിയുടെയും ലില്ലിയുടെയും ജീവിത സാഹചര്യങ്ങളും ,യാത്രകളും വിവരിക്കുന്ന*

*ഈ കഥ വളരെ മനോഹരവും വൈവിധ്യവുമാർന്ന ഒരു കഥയാണിത്.*

*ഒരു മഴയത്ത് കുടയില്ലാതെ ഒറ്റപ്പെട്ട ലില്ലിക്ക് വേണ്ടി അച്ഛനമ്മയില്ലാത്ത*

*ബേബി നാടുവിടുന്നതും മാമിത്തള്ളയുടെ ക്രൂരതയ്ക്കിരയാവുന്ന ലില്ലിയും നാടുവിടുന്നു.*

*ഗ്രേസി,ലില്ലി,ബേബി,മാമിത്തള്ള,ഡോക്ടർ എന്നിങ്ങനെ പകരം വയ്ക്കാനാവാത്ത*

*കഥാപാത്ര നിര. കോർത്തിണക്കാൻ പറ്റുന്ന വിധം പാകമാകിയ ആശയമികവും*

*താര സമ്പന്നതയും . ഇതിൽ പരാമർശിച്ചിരിക്കുന്ന ഗ്രേസി എല്ലാം തികഞ്ഞ*

*ഒരു കുട്ടിയായിരുന്നു.*

*ബാല സാഹിത്യ കഥയായ ഈ മലയാള ബാല സാഹിത്യത്തിൽ പകരം*

*വ്യക്താനാവാത്ത ഒരു കഥയാണിത്.ബേബി തന്റെ ശരീരത്തിലെ*
*ഒരവയവം പോലെ*
*നോക്കിയ കുഞ്ഞുപെങ്ങളെ അവസാനം കണ്ടുമുട്ടിയ ഭാഗം*
*മനോഹരമായി അദ്ദേഹം*
*വർണ്ണിച്ചിരിക്കുന്നു.*

വായനാനുഭവം

## വിശ്വപ്രസിദ്ധ ഫലിതങ്ങൾ

വിശ്വവിഖ്യാതരായ മഹതീമഹാന്മാരുടെ ഉദാത്തമായ ഫലിതങ്ങളുടെ ഒരു സമാഹാരമാണ് ഗീതാലയം. ഗീതാകൃഷ്ണൻ രചിച്ച വിശ്വപ്രസിദ്ധമായ ഫലിതങ്ങൾ എന്ന ഈ പുസ്തകം. നിത്യജീവിതത്തിൽ സന്ദർഭോചിതമായി പ്രയോചനപ്പെടുത്താൻ കഴിയുന്ന നീരുപ്രദവഫലിതങ്ങളാണ് ഇതിലുള്ളത്.നമുക്ക് ടെൻഷൻ തോന്നുമ്പോൾ,മൂഡ് ഓഫ് തോന്നുമ്പോൾ ഈ പുസ്തകം വായിക്കുന്നതിലൂടെ പുതിയൊരുന്മേശത്തിലേക്ക് നമ്മേ സ്വാഭാവികമായി എത്തിച്ചേർ-ക്കുന്നതുപോലെ തോന്നും.മഹാന്മാരുടെ ജീവിതകഥകളിൽ നിന്ന് അനുഭവങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്നതുപോലെ തന്നെ അവരുടെ സംഭാഷണചാതുര്യം പകർത്താൻ സാധിക്കുന്നതാണ്. ജീവിതത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിച്ചിരുന്ന പ്രമുഖരായ പല ആളുകളും തങ്ങൾക്ക് പ്രതികാരിക്കാൻ അവസരം കിട്ടിയപ്പോൾ കാട്ടിയ പ്രഗല്ഭ്യമാണ് ഈ കൃതിയിലുടനീളം കാണാവുന്നത്.

പിരിമുറുക്കമുള്ളപ്പോൾ ഒരല്പ്പം രസിക്കാനും പിന്നെ, അവസരത്തിനൊത്തു വാക്കുകൾ പ്രയോഗക്കാനും തദ്വാര ജീവിതത്തിൽ നേട്ടങ്ങൾ കൈവരിക്കാനും ഈ കൃതി വഴി കാട്ടിയാണ്.

*ഈ പുസ്തകം വായിക്കുന്ന ഏതൊരു വ്യക്തിക്കും ഫലിതം പറയാനും കേൾക്കാനുമുള്ള മനസ്സുണ്ടാകും.*

# മുക്കുവനും രാജകുമാരനും

ഒരിടത്ത് ഒരു മുക്കുവനുണ്ടായിരുന്നു.ഒരിക്കൽ മീൻ പിടിക്കുമ്പോൾ
ഒരു വലിയ മീൻ അയാളുടെ വലയിൽ പെട്ടു.അതിനെ വീട്ടിൽ കൊ-ണ്ടുവെച്ചിട്ട് അയാൾ വീണ്ടും മീൻപിടിക്കാൻ പോയി.ഉച്ചയ്ക്ക് വീട്ടിൽ ചെന്നപ്പോൾ അയാളുടെ പഴയ വീടിന്റെ സ്ഥാനത്ത് ഒരു മാളിക നിൽക്കുന്നത് കണ്ടു.അയാൾ അത്ഭുതത്തോടെ ചെന്നു കതകിൽ മുട്ടി.അപ്പോൾ ഒരു സുന്ദരിയായ സ്ത്രീവന്നു കതകു തുറന്നു.ആരാണ് ?എന്താണ് ?എന്നൊക്കെ മുക്കുവൻ അവളോട് പറഞ്ഞു.

അവളുടെ മറുപടി ഇപ്രകാരമായിരുന്നു.നിങ്ങൾ പിടച്ചു കൊണ്ടു വന്ന മീനാണ് ഞാൻ.ഒരു ഗന്ധർവന്റെ ശാപം കൊണ്ട് മീനായി പോയതാണ്.നിങ്ങൾ വലയിൽ പിടിച്ചതോടെ എനിക്ക് ശാപമോക്ഷം ലഭിച്ചിരിക്കുന്നു.ഇനി നമുക്ക് ഭാര്യഭർ ത്താക്കന്മാരായി
ജീവിക്കാം.നമുക്കു സുഖമായി കഴിയാനുള്ള വകയെല്ലാം ഇവിടെയുണ്ട്.ഇതുകേട്ട മുക്കുവൻ വളരെ അധികം സന്തോഷിച്ചു. അവർ രണ്ടുപേരും സന്തോഷത്തോടെ കഴിഞ്ഞു.

ഒരു ദിവസം മുക്കുവന്റെ ഭാര്യ അടുത്ത പുഴയിൽ കുളി

ക്കാൻ പോയി .അവൾ കുളിച്ച് കയറുമ്പോൾ നാട്ടിലെ
രാജകുമാരൻ
അവളെ കാണാൻ ഇടയായി.രാജകുമാരൻ തന്റെ സേവകനോട്
ചോദിച്ചു.ഏതാണ് ആ സുന്ദരി? "അതോ നമ്മുടെ മുക്കുവിന്റെ
ഭാര്യ അല്ലേ?" രാജാകുമാരൻ പറഞ്ഞു:ഇത്രയും സുന്ദരിയായ ഭാര്യ
മുക്കുവന് ഉണ്ടെന്നോ!രാജകുമാരന് അസൂയ തോന്നി. പിറ്റേന്ന്
കാലത്ത് രാജകുമാരൻ അളയയച്ചു വിളിപ്പിച്ചിട്ട് പറഞ്ഞു.നാളെ
നീ
കരഞ്ഞു കൊണ്ടും ചിരിച്ചും ഇവിടെ വന്നില്ലെങ്കിൽ ഞാൻ നിന്നെ
ജയിലിലിലടപ്പിക്കും.മുക്കുവാൻ വളരെ വിഷമിച്ചു. ഈ കാര്യം
ഭാര്യയോട് പറഞ്ഞു.ഭാര്യ മുക്കുവിനെ സമാധാനിപ്പിച്ചു.ഭാര്യ
പറഞ്ഞു:നിങ്ങൾ പോകുമ്പോൾ ഉള്ളി കൈയ്യിൽ കരുതിയാൽ
മതി.
അവിടെ ചെന്ന് അത് കണ്ണിൽ പുരട്ടിയാൽ കണ്ണുനീർ
വരും.എന്നിട്ട്
ഉറക്കെ ചിരിക്കുകയും ചെയ്താൽ മതി.മുക്കുവാൻ ഭാര്യ
പറഞ്ഞപ്പോലെ ചെയ്തു. അങ്ങനെ രാജാവ് സദസ്സിനെ വിളിച്ചു
വരുത്തി.സദസ്സ്യരെല്ലാം മുക്കുവിനെ പ്രശംസിച്ചു.കണ്ടോ!കണ്ടോ!
ഇതുപോലെ ഒരേസമയത്ത് ചിരിക്കാനും കരയാനും
ആരെക്കൊണ്ടു കഴിയും.അങ്ങനെ രാജകുമാരന്റെ സൂത്രം
ഫലിക്കാതെ പോയി.കുറച്ചു നാൾ കഴിഞ്ഞ് രാജകുമാരൻ

മറ്റൊരുവിദ്യ എടുത്തു.അങ്ങനെ രാജകുമാരൻ മുക്കുവനെ വിളിച്ചു വരുത്തി പറഞ്ഞു:ഉടുത്തും ഉടുക്കാടെയും നീ നാളെ ഇവിടെ വരണം.അതെങ്ങനെ സാധിക്കും?അയാൾ ചെന്ന് ഭാര്യയോട് സങ്കടം പറഞ്ഞു.അവൾ പറഞ്ഞു മീൻ
വല ചുറ്റീട്ട് പോയാൽ മതി.പിറ്റേന്ന് മീൻ വലയും ചുറ്റി മുക്കുവൻ രാജസദസ്സിന് ഹാജരായി.എല്ലാവരും ആ രംഗം കണ്ട് പൊട്ടിച്ചിച്ചു.തുണി ഉടുത്തിട്ടുണ്ട് എന്നാൽ
ഉടുത്തിട്ടുമില്ല.അവിടെയും രാജാവ് തോറ്റു.ഒരു പരീക്ഷണം കൂടി രാജകുമാരൻ നടത്താൻ തീരുമാനിച്ചു.മുക്കുവനോട് രാജകുമാരൻ പറഞ്ഞു.ഇപ്പോൾ പെറ്റുവീണ കുട്ടിയെ എടുത്ത് നീ നാളെ വരണം.ആ കുഞ്ഞ് നാളെ എനിക്ക് കഥ പറഞ്ഞു തരണം.ഇതു വല്ലാത്ത തൊന്തരവു തന്നെ? ജീവൻ പോയത്
തന്നെ.വളരെയധികം വിഷമിച്ചാണ് മുക്കുവൻ
വീട്ടിലെത്തിയത്.ഭാര്യ പറഞ്ഞു.വിഷമിക്കാനില്ല.ഭാര്യ നിർ
ദേശിച്ച
ത് പോലെ മുക്കുവൻ  ചെയ്യ്തു.അങ്ങനെകുഞ്ഞിനെയും കൊണ്ട് കൊട്ടാരത്തിൽ എത്തി. കുട്ടിയെ കണ്ട് സുൽത്താൻ
പരിഹസിച്ചു.കുട്ടി  കഥ പറഞ്ഞു കൊടുത്തു. പിന്നീട് മുക്കുവനും
ഭാര്യയും വളരെക്കാലം സുഖമായി ജീവിച്ചു.

## ബേറ്റും ബോളും

ചിപ്പുക്കുട്ടന് ഒരു ബാറ്റും ബോളും ഉണ്ടാ- യിരുന്നു
.പാവത്താനായിരുന്നു ബാറ്റ്.
എന്നാൽ ബോളാകട്ടേ മഹാ അഹങ്കാരി-യും.തരം കിട്ടുമ്പോയെല്ലാം
ബോൾ,ബാറ്റി- നെ കളിയാക്കും.നീണ്ടിരിക്കുന്ന നിന്നെ കാണാൻ ഒരു
ഭംഗിയുംഇല്ല.ഉരുണ്ടിരിക്കു- ന്ന എന്നെയാ ചിപ്പുവിനിഷ്ടം.ബോൾ പറ-
ഞ്ഞത് കേട്ട് ബാറ്റിന് സങ്കടമായി.കുറച്ച്
കഴിഞ്ഞപ്പോൾ ചിപ്പു ബോളും ബാറ്റും എ- ടുത്ത്
കളിക്കാനിറങ്ങി.മൈതാനത്ത് എ- ത്തിയതും ബോൾ ചിപ്പുവിന് പിടി
കൊടു-
ക്കാതെ ഉരുണ്ടു നീങ്ങി.ദേഷ്യം വന്ന ചി-പ്പു ബാറ്റു കൊണ്ട്
ആഞ്ഞൊരടി."ടപ്പേ”
അത് ദൂരെ ചെന്നു വീണു.ചിപ്പുവിന് ആ ബോൾ തിരിച്ചു
കിട്ടിയില്ല.അതോടെ പു-
ല്ലുകൾക്കിടയിൽ കിടന്ന ബോളിന്റെ അ-
ഹങ്കാരവും തീർന്നു.

ഇപ്പോൾ മനസ്സിലായില്ലേ.. അഹങ്കാരം നാശത്തിലേക്ക് അണെന്ന്

*sulthana*